**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107** **11-10-2021 - ൽ മറുപടിയ്ക്ക്**

**മാവൂർ തെങ്ങിലക്കടവിൽ ആശുപത്രി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിന് സൗജന്യമായി കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | മാവൂർ തെങ്ങിലക്കടവിലെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെൻററിന്റെ കൈവശമുണ്ടായിരുന്ന സ്ഥലവും അനുബന്ധ സൗകര്യങ്ങളും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാൻസർ സ്ക്രീനിംഗ് സെൻററായി പ്രവർത്തിപ്പിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറിയിട്ടുണ്ട്. ഇതിനെ കാൻസർ രോഗികളുടെ റീഹാബിലിട്ടേഷൻ സെൻററായും, ഏർളി കാൻസർ ഡിറ്റക്ഷൻ സെൻററായും മാറ്റിയെടുക്കുന്നതിനുള്ള നിർദേശം പ്രിൻസിപ്പാൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതു മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരിശോധിച്ച് വരികയാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പ്രൊപോസൽ ലഭിക്കുമ്പോൾ പരിശോധിച്ചു നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സ്ഥാപനം പുനരുദ്ധരിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയ ഒരു കോടി രൂപയുടെ ഭരണാനുമതി തുക ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്ഥാപനം മെഡിക്കൽ കോളേജിന് കീഴിലായിരിക്കെ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത് പ്രായോഗിക തലത്തിൽ പ്രയാസങ്ങളുണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 03.04.2020ലെ സ.ഉ (സാധാ) നം.2040/2020/ ആ.കു.വ പ്രകാരം ആരോഗ്യ വകുപ്പ് 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ നിന്നും വിവിധ പ്രവർത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ ഉത്തരവിൽ ക്രമ നം. 2 പ്രകാരം തെങ്ങിലക്കടവ് ക്യാൻസർ സെന്റർ പ്രവർത്തനക്ഷമമാക്കൽ എന്ന പ്രവർത്തിയ്ക്ക് 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) അനുവദിച്ചിരുന്നു. മാവൂർ തെങ്ങിലക്കടവ് ക്യാൻസർ സെന്റർ (കുന്നമംഗലം) എന്ന സ്ഥാപനം മെഡിക്കൽ വിദ്യാഭ്യസ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ വരുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വിവരം സർക്കാർ പിരശോധിച്ചു വരുന്നു. കൂടാതെ 06.02.2021 ൽ കോഴിക്കോട് കളക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ ക്യാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | സ്റ്റാഫിനെ NHM വഴി നിയമിക്കുന്നതിനും അനുബന്ധ പദ്ധതികൾ സമർപ്പിക്കുന്നതിനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.ക്യാൻസർ കെയർ സെന്ററിലെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുവേണ്ടി PWD -യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന് 5 കോടി രൂപ ആവശ്യമായി വരുമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബാക്കി തുക കൂടി അനുവദിച്ച് നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മാവൂർ തെങ്ങിലക്കടവ് ക്യാൻസർ സെന്റർ പ്രവർത്തിനക്ഷമമാക്കുന്നതിനു വേണ്ടി അഞ്ചുകോടി രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. എം.എൽ.എ അഡ്വ. പി.ടി.എ റഹീം സമർപ്പിച്ച അപേക്ഷയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ